## ശ്രീമദ്ഭാഗവതം നിത്യപാരായണം 159-ാം ദിവസം

തസ്മാദ്ഭവദ്ഭി: കർത്തവ്യം കർമ്മണാം ത്രിഗുണാത്മനാം
ബീജനിർഹരണം യോഗ: പ്രവാഹോപരമോ ധിയ: (7-7-28)
തത്രോപായസഹസ്രാണാമയം ഭഗവതോദിത:
യദീശ്വരേ ഭഗവതി യഥാ യൈരഞ്ജസാ രതി: (7-7-29)

നാരദമുനിയുമായി എങ്ങിനെയാണ് സത്സംഗം സാദ്ധ്യമായതെന്ന് കൂട്ടുകാർ ചോദിച്ചതിനു മറുപടിയായി *പ്രഹ്ലാദൻ പറഞ്ഞു*:

ഞങ്ങളുടെ അച്ഛൻ തപസ്സിനായി വനത്തിൽ പോയിരുന്നപ്പോൾ ഇന്ദ്രൻ നമ്മുടെ സാമ്രാജ്യം കയ്യേറി. രാക്ഷസന്മാരെയെല്ലാം തുരത്തിയോടിച്ചു. ദേവന്മാർ കൊട്ടാരമെല്ലാം കൊള്ളയടിച്ചു, എൻെറ അമ്മയായ മഹാരാജ്ഞിയെ ഇന്ദ്രൻ പിടിച്ചുവച്ചു. എന്നാൽ നാരദൻ ഇടപെട്ട് അമ്മയുടേയും അമ്മയുടെ വയറ്റിലുണ്ടായിരുന്ന എൻേറയും സുരക്ഷ ഏറ്റെടുത്തു. ഉദരത്തിലുള്ള കുഞ്ഞ്, ഭഗവൽഭക്തനാണെന്ന് നാരദൻ ഇന്ദ്രനുറപ്പും കൊടുത്തു. അമ്മയ്ക്ക് സമാധാനമേകാനായി നാരദൻ വിജ്ഞാനവും വിവേകവും വഴിയുന്ന കാര്യങ്ങൾ പഠിപ്പിച്ചു കൊടുക്കാറുണ്ടായിരുന്നു. അമ്മ ഇപ്പോൾ അതെല്ലാം മറന്നിരിക്കുന്നു. നാരദമുനിയുടെ കൃപയാൽ എനിക്ക് എല്ലാം ഓർമ്മയുണ്ട്.

ഈ ശരീരത്തിനു മാത്രമേ ജനനം, നിലനിൽപ്പ്, വളർച്ച, പകര്രത, ക്ഷീണം, മരണം എന്നിവ ബാധകമായുള്ളു. ഇവയെല്ലാം കാലം കടന്നു പോകുന്നതിൻെറ ലക്ഷണവുമാണ്. എന്നാൽ ആത്മാവ് അനശ്വരവും, ക്ഷീണ മേൽക്കാത്തതും, നിർമ്മലവും, പകരത്തിന് മറ്റൊന്നില്ലാത്തതും, ശുദ്ധബോധവും, എല്ലാത്തിനും അടിസ്ഥാനവും, മാറ്റമില്ലാത്തതും, സ്വയം ഗോചരകാരണവും (സ്വയാവബോധം വസ്തുബോധമല്ല) സർവ്വവ്യാപിയും സ്വതന്ത്രവും, ആവരണങ്ങളില്ലാത്തതുമത്രേ. ഈ പന്ത്രണ്ട് സവിശേഷതകൾ കൊണ്ട് വിവേകിയായ മനുഷ്യൻ ആത്മാവിനെ തിരിച്ചറിയണം. അതിസൂക്ഷ്മമായ അന്വേഷണപ്രക്രിയകൊണ്ട് ഇതല്ല, ഇതല്ല എന്ന പ്രമാണസൂത്രമുപയോഗിച്ച് അന്വേഷകൻ ഈ ശരീരത്തിൽ ജീവിക്കുമ്പോൾത്തന്നെ ആത്മാവിനെക്കുറിച്ചുള്ള പരമസത്യത്തിൽ എത്തിച്ചേരണം. മാനസീകാവസ്ഥകളും തൽഫലമായ കർമ്മങ്ങളും പ്രവർത്തനങ്ങളും ജനനമരണചക്രത്തെ മുന്നോട്ടു കറക്കുന്നത് പ്രകൃതിഗുണങ്ങളുടെ ലീലയാലാണെന്ന് അവൻ മനസിലാക്കണം. അവകളൊന്നും ആത്മാവിനെ ലവലേശം ബാധിക്കുന്നതുമല്ല.

“നിങ്ങൾക്കു ചെയ്യുവാനുള്ളത് ഇത്രമാത്രം. കർമ്മഫലത്തിൻെറ വിത്തുകൾ പാടെ എരിച്ചുകളയുക. ആയത് ത്രിഗുണപ്രകൃതിയാലാണല്ലോ. ബുദ്ധിയുടെ മേഖലക്കപ്പുറം കടന്നുചെല്ലുക. ഇതാണ് യോഗം. ആയിരക്കണക്കിനു യോഗാഭ്യാസങ്ങളുള്ളതിൽ ഭഗവാൻ സ്വയം പ്രഖ്യാപിച്ചിട്ടുള്ളത് ഇതാണ്. ഏതൊരു മാർഗ്ഗമാണോ ഭഗവൽഭക്തിയും പരമപ്രേമവും ഉണ്ടാക്കുന്നത്, അതുതന്നെ ഉത്തമയോഗം. ഗുരുപൂജയും സേവനവും, ഭക്തസത്സംഗം, ഭഗവൽപ്പൂജ, മഹിമാകീർത്തനം, മൂർത്തീപൂജ, തുടങ്ങിയവയാലും സകലജിവജാല ഹൃദയങ്ങളിലും ഭഗവാനെ ദർശിച്ച് പ്രേമപൂർവ്വം സേവനം ചെയ്യലും ഇതിൽ പെടുന്നു.

ഈ പ്രേമത്തിൻെറ പരമകാഷ്ഠയിൽ ഒരുവൻ ഭഗവൽപ്പദം പൂകുന്നു. ഭഗവൽപ്രേമത്തിൻെറ ചില ലക്ഷണങ്ങൾ ഇവയാണ്: ഭഗവൽനാമശ്രവണമാത്രയിൽ ഭക്തൻ ഉറക്കെ പാടുന്നു. ആഹ്ലാദഭരിതനായി അവൻ ധ്യാനാവസ്ഥയിൽ മുഴുകുന്നു. തികച്ചും സംതൃപ്തനായി ആശാരഹിതനായി ചിരിക്കുകയും, കരയുകയും, ദീർഘനിശ്വാസം വിടുകയും ചെയ്യുന്നു. ഇത് ബ്രഹ്മനിർവ്വാണാനുഭൂതിയാണ്. ആർക്കും ഈ അവസ്ഥ കൈവരിക്കാം. ഭഗവാൻ ഒരുവൻെറ ജാതി, കുലം, ലിംഗം, തൊഴിൽ, വിദ്യാഭ്യാസം, വേദ പാണ്ഡിത്യം, യജ്ഞപഠനം ഇവയൊന്നും കണക്കാക്കുന്നില്ല. മറിച്ച് ഭക്തി മാത്രമാണ് പ്രധാനം. ഭക്തിയില്ലാതെയെങ്കിൽ മറ്റെല്ലാം വെറുമൊരു പ്രകടനം മാത്രമാണ്. അതുകൊണ്ട്, എല്ലാ രീതിയിലും ഭഗവൽഭക്തി വളർത്തിയെടുക്കുക.